**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ല – റവന്യൂ ജില്ലാ കേരള സ്കൂൾ കലോത്സവം – ജില്ലയിലെ ത്രിതല പഞ്ചായത്തുകളിൽ നിന്നുള്ള സാമ്പത്തിക സഹായം - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3521/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 26/12/2016

പരാമർശം:- 1. എം.രാജഗോപാൽ എം.എൽ.എ യുടെ 21/12/2016 ലെ കത്ത്.
2. സ.ഉ.(എം.എസ്)58/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

കാസർഗോഡ് റവന്യൂ ജില്ലാ കേരളാ സ്കൂൾ കലോത്സവം 2017 ജനുവരി 4 മുതൽ 11 വരെ വി.പി.പി.മുഹമ്മദ് കുഞ്ഞിപ്പട്ടേലർ സ്മാരക ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടക്കുകയാണെന്നും ആയതിന്റെ സംഘാടന ചെലവുകൾക്കായി ജില്ലയിലെ ത്രിതല പഞ്ചായത്തുകളിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2017 ജനുവരി 4 മുതൽ 11 വരെ വി.പി.പി.മുഹമ്മദ് കുഞ്ഞിപ്പട്ടേലർ സ്മാരക ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടക്കുന്ന കാസർഗോഡ് റവന്യൂ ജില്ലാ കേരളാ സ്കൂൾ കലോത്സവത്തിന് കാസർഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിൽ നിന്ന് 10000(പതിനായിരം രൂപ) രൂപയും ജില്ലാ പഞ്ചായത്തിൽ നിന്ന് 50000/- (അൻപതിനായിരം രൂപ) രൂപയും, അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഘാടക സമിതി കൺവീനർ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ് (പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിന്)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം (പകർപ്പ് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിന്)
കൺവീനർ, കാസർഗോഡ് റവന്യൂ ജില്ല സ്കൂൾ കലോത്സവം
പ്രസിഡന്റ്, കാസർഗോഡ് ജില്ലാ പഞ്ചായത്ത്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മലപ്പുറം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ